(സി) ഇപ്പോൾ സർവ്വീസിൽ തുടരുന്നവർക്ക് സെസ്സിലും, ലാൻഡ് യൂസ് ബോർഡിലുമായി 10 മുതൽ 12 വർഷം വരെ സർവ്വീസുണ്ട്.

(ഡി) പഞ്ചായത്ത് വിഭവ ഭൂപട നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചു വരുന്ന ഇവരുടെ സേവനം പ്രസ്തുത പദ്ധതി പൂർത്തിയാകുംവരെ മാത്രമേ ആവശ്യമുള്ളൂ. സെസ്സിന്റെ പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടവയാണ്. പത്രങ്ങളിൽ പരസ്യം നല്കി ശാസ്ത്രജ്ഞൻമാരെ കരാർ അടിസ്ഥാനത്തിലാണ് നിയമിക്കുന്നത്. കൂടാതെ സെസ്സ് ഒരു സ്വയംഭരണ സ്ഥാപനമാണ്. സീനിയർ ശാസ്ത്രജ്ഞൻമാരെ സ്ഥിരപ്പെടുത്തുന്ന കാര്യത്തിൽ തീരുമാനമെടുക്കാൻ ആ വിഷയം സെസ്സിന്റെ ഗവേണിംഗ് ബോഡി മുമ്പാകെ വയ്ക്കാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

ഭാഷാന്യൂനപക്ഷ പ്രദേശങ്ങളിലെ ഓഫീസുകളിൽ ന്യൂനപക്ഷ ഭാഷാപരിജ്ഞാനമുള്ളവരെ നിയമിക്കാൻ നടപടി

31 (2982) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. യു. സി. രാമൻ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളിലുമുള്ള ഓഫീസുകളിൽ ജില്ലാ തലവൻമാരടക്കം ന്യൂനപക്ഷ ഭാഷാപരിജ്ഞാനമുള്ളവരെ നിയമിക്കണമെന്ന കാര്യത്തിൽ ഗവൺമെന്റ് കൈക്കൊണ്ട നടപടി വ്യക്തമാക്കാമോ ;

(ബി) ഇതു സംബന്ധമായി ഗവൺമെന്റ് നൽകിയ ഉറപ്പ് പാലിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ഡി) ഈ ഉറപ്പ് നടപ്പാക്കാൻ ഗവൺമെന്റ് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) സംസ്ഥാനത്തെ ചില താലൂക്കുകൾ മാത്രമേ ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളായി പ്രഖ്യാപിച്ചിട്ടുള്ളൂ. ആയതിനാൽ ന്യൂനപക്ഷ ഭാഷാ പരിജ്ഞാനമുള്ളവരെ മാത്രമേ ജില്ലാതലവൻമാരായി നിയമിക്കാവൂ എന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടില്ല. എങ്കിലും ഭാഷാ ന്യൂനപക്ഷ വിഭാഗങ്ങൾ കൂടുതലുള്ള പ്രദേശങ്ങളിലെ സർക്കാർ ഓഫീസുകളിൽ ഒഴിവു വരുന്ന ഗസറ്റഡ് എക്സിക്യൂട്ടീവ് തസ്തികകളിലേക്ക് ന്യൂനപക്ഷ ഭാഷാ പരിജ്ഞാനമുള്ളവരെ ഔട്ട് ഓഫ് ടേൺ പ്രൊമോഷൻ നൽകി നിയമിക്കാമെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളുടെ വെളിച്ചത്തിൽ ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളിലെ പല ഓഫീസുകളിലും ഔട്ട് ഓഫ് ടേൺ പ്രൊമോഷൻ നൽകി നിയമനം നടത്തിയിട്ടുണ്ട്. കൂടാതെ ഭാഷാ ന്യൂനപക്ഷങ്ങളുടെ താൽപ്പര്യ സംരക്ഷണത്തിനായി

LIBRARY ARCHIVES Kerala Legislative Assembly

ഭാഷാ ന്യൂനപക്ഷങ്ങൾ കൂടുതൽ അധിവസിക്കുന്ന താലൂക്കുകളിലെ സർക്കാർ ഓഫീസുകളിൽ ആവശ്യമുള്ളത്ര തസ്തികകളിൽ ന്യൂനപക്ഷ ഭാഷാ പരിജ്ഞാനമുള്ളവരെ നിയമിക്കുവാനും ആവശ്യമായ ഉത്തരവുകൾ നിലവിലുണ്ട്. ഇക്കാര്യം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള എല്ലാ ഉത്തരവുകളും/ നിർദ്ദേശങ്ങളും കർശനമായി പാലിക്കണമെന്ന് വീണ്ടും വീണ്ടും ആവശ്യപ്പെടുന്നുമുണ്ട്.

ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് അസിസ്റ്റന്റ് ഗ്രേഡ്-2 പരീക്ഷയ്ക്കുള്ള പ്രായപരിധി

32 (2983) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സർവ്വീസിലും സെക്രട്ടേറിയറ്റ് സർവ്വീസിലേക്കും ഡിഗ്രിയും മറ്റ് ഉയർന്ന യോഗ്യതയുമുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് പി.എസ്.സി. നടത്തുന്ന അസിസ്റ്റന്റ് ഗ്രേഡ്-2 പരീക്ഷക്ക് പ്രായപരിധി ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വ്യക്തമാക്കാമോ ;

(സി) പ്രായപരിധി ഏർപ്പെടുത്തിയാൽ ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള നൂറുകണക്കിന് ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് അസിസ്റ്റന്റ് ഗ്രേഡ്-2 പരീക്ഷ എഴുതുവാനുള്ള അവസരം നഷ്ടപ്പെടുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ ജീവനക്കാർക്ക് വയസ്സിളവ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ഇ) സർവ്വീസിലുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് പി.എസ്.സി.യുടെ എൽ.ഡി. ക്ലാർക്ക് പരീക്ഷ എഴുതുവാൻ പ്രായപരിധി ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) സർക്കാർ സർവ്വീസിലും സെക്രട്ടേറിയറ്റ് സർവ്വീസിലേക്കും ഡിഗ്രിയും മറ്റ് ഉയർന്ന യോഗ്യതയുമുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് പി.എസ്.സി. നടത്തുന്ന അസിസ്റ്റന്റ് ഗ്രേഡ്-2 പരീക്ഷക്ക് നേരിട്ടുള്ള നിയമനത്തിന് നിശ്ചയിച്ചിട്ടുള്ള പ്രായപരിധി തന്നെയാണ് ബാധകമാക്കിയിട്ടുള്ളത്.

(ഡി) ഈ ജീവനക്കാർക്ക് വയസ്സിളവ് അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

(ഇ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly